



പയ്യന്നൂർ നഗരസഭ
ഗവ. ഹയർ സെക്കന്ററി സ്കൂൾ വെള്ളൂർ
P O വെള്ളൂർ പയ്യന്നൂർ കണ്ണൂർ ജില്ല 673307
ഫോൺ: 04985 266625, 9495619581, 9497601369
A Magazine by Little Kites
Tech Fiesta
Powered by Ideas
GHSS VELLUR

# ആമുഖം

സാങ്കേതിക വിദ്യയും സൃഷ്ടിപരതയും
കൈകോർക്കുന്ന ലിറ്റിൽകൈറ്റ്സ് ഇ-മാഗസിൻ,
വിദ്യാർത്ഥികളുടെ ചിന്തകളും പുതുമകളും
തെളിയിക്കുന്ന ഒരു വേദിയാണ്.
ഈ ശ്രമം കൂടുതൽഉയരങ്ങളിലേക്ക് പറക്കട്ടെ.

**-Mrs.Sarala Chemmancheri**
(Headmistress)





വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ കഴിവുകളും
വിജ്ഞാനവും പ്രതിഫലിപ്പിക്കുന്ന മികച്ച വേദിയാണ് ഈ
മാഗസീൻ. സാങ്കേതികവിദ്യയും പഠനവും
സംയോജിപ്പിച്ച് അവരുടെ സമഗ്ര വികസനത്തിന് ഇത്
സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു

**Mr. Rajesh N**
**(PTA President)**

ഡിജിറ്റൽലോകത്ത് മുന്നേറുന്ന ഈ കാലത്ത്, വിദ്യാർത്ഥികളെ
സാങ്കേതിക വിദ്യയിൽപ്രാവീണ്യമുള്ളവരാക്കുന്നതിൽ“Little
Kites” വലിയ പങ്ക് വഹിക്കുന്നു. അറിവിനെയും സൃഷ്ടിപരമായ
കഴിവുകളെയും വളർത്തുന്ന ഈ സംരംഭം നാളെയുടെ മികച്ച
പൗരന്മാരെ രൂപപ്പെടുത്തട്ടെ.
ഈ മാഗസിൻ കുട്ടികളുടെ കഴിവുകൾ ലോകത്തിന് മുന്നിൽ
അവതരിപ്പിക്കുന്ന വേദിയായിരിക്കട്ടെ എന്ന് ആശംസിക്കുന്നു.

**Mr. Sinajudheen N M**
**(SMC Chairperson)**





വിവര സങ്കേതിക വിനിമയ സങ്കേതങ്ങളെ ഫലപ്രദമായി
ഉപയോഗിക്കാൻ പുതിയ തലമുറയ്ക്ക് സാധിക്കട്ടെ. ഈ
മാഗസിൻ കുട്ടികളുടെ ചിന്തകൾ വളർത്താൻ ഒരു
വേദിയായി മാറട്ടെ എന്ന് ആശംസിക്കുന്നു.

**Mrs. Deepthi P C**
(MPTA President)

# WHERE FUN MEETS CREATIVITY









**EDITORIAL BOARD**

DEVANAND T V
NEERAJ SUDHEER M
FAHMIDA EBRAHIM
AARUSH P
SIVADEV A K
MIDHUN C NAIR
DHRUV JAYADEEP
SHEEBA V (Kite Mentor)
ANJU KRISHNAN K (Kite Mentor)















# സാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇൻന്റെലിജൻസും: പുതിയകാല വിപ്ലവം

- LINSHA K P (10B)

മനുഷ്യചരിത്രത്തിലെ ഏറ്റവും വിപ്ലവകരമായ മാറ്റങ്ങൾക്കാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ട് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സാങ്കേതിക വിദ്യയുടെ വളർച്ച. ലളിതമായ ഉപകരണങ്ങളിൽ നിന്ന് തുടങ്ങി, ഇന്ന് മനുഷ്യബുദ്ധിയോട് കിടപിടിക്കുന്ന ആർട്ടിഫിഷൽ ഇൻന്റെലിജൻസ് അഥവാ നിർമിത ബുദ്ധിയിൽ എത്തിനിൽക്കുന്ന നമ്മുടെ ലോകം. യന്ത്രങ്ങൾക്ക് ചിന്തിക്കാനും തീരുമാനങ്ങൾ എടുക്കാനും കഴിവ് നൽകുന്ന ഈ സാങ്കേതികവിദ്യ മനുഷ്യ ജീവിതത്തെ സകല മേഖല കളെയും മാറ്റിമറിച്ചു കൊണ്ടിരിക്കുകയാണ്.

മനുഷ്യർ ചെയ്യുന്നതുപോലെ വിവരങ്ങൾ വിശകലനം ചെയ്യാനും, പഠിക്കാനും, പ്രശ്നപരിഹാരം നടത്താനും കമ്പ്യൂട്ടറുകളെ പ്രാപ്തമാക്കുന്ന ശാസ്ത്രശാഖയാണ് എ ഐ. നമ്മൾ അറിയാതെ തന്നെ എ ഐ ഇന്ന് നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി കഴിഞ്ഞു. സിറി, അലക്സ പോലുള്ള സാങ്കേതിക ഉപകരണങ്ങളും എ ഐ അധിഷ്ഠിതമാണ്. നമ്മൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ മാത്രം നമ്മുടെ കൺമുന്നിൽ എത്തിക്കാൻ ഫേസ്ബുക്കും ഇൻസ്റ്റാഗ്രാമും സങ്കീർണമായ അൽഗോരിതങ്ങളാണ് ഉപയോഗിക്കുന്നത്. കൂടാതെ വാഹനങ്ങളിലും നമുക്ക് അതിന്റെ സ്വാധീനം തെളിഞ്ഞു കാണാം. ഗൂഗിൾ മാപ്പിലെ ട്രാഫിക് പ്രവചനങ്ങൾ, ഡ്രൈവർ ഇല്ലാത്ത കാറുകൾ തുടങ്ങിയവ ഇതിനുദാഹരണമാണ്. ആരോഗ്യരംഗം, വിദ്യാഭ്യാസം, കൃഷി തുടങ്ങി ലോകത്തിലുള്ള എല്ലാതരം ശാസ്ത്ര മേഖലകളിലും ഇന്ന് എഐ സ്വാധീനമുണ്ട്.

ആരോഗ്യരംഗത്ത് രോഗങ്ങൾ നേരത്തെ കണ്ടെത്താനും, ശസ്ത്രക്രിയ കൾ കൃത്യതയോടെ ചെയ്യാനും, എ ഐ ഡോക്ടർമാരെ സഹായിക്കുന്നു. വിദ്യാഭ്യാസരംഗത്ത്, ഓരോ വിദ്യാർത്ഥി യുടെയും പഠനനിലവാരത്തിനനുസരിച്ച് വ്യക്തിഗതമായ പഠനരീതികൾ ഒരുക്കാൻ സാധ്യമാകുന്നു. കൃഷി മേഖലകളിൽ, കാലാവസ്ഥ വ്യതിയാനങ്ങളും മണ്ണിലെ പോഷക കുറവും മുൻകൂട്ടി അറിയാൻ കർഷകർക്ക് ഈ സാങ്കേതികവിദ്യ തുണയാകുന്നു.



എന്നാൽ എല്ലാ സാങ്കേതിക വിദ്യയെയും പോലെ എഐ യും ചില വെല്ലുവിളികൾ ഉയർത്തുന്നുണ്ട്. തൊഴിൽ നഷ്ടം, സ്വകാര്യതയിൽ ഉണ്ടാകുന്ന വിള്ളൽ, ധാർമികതയിലുള്ള പോരായ്മ തുടങ്ങിയവ അതിനുദാഹരണമാണ്. മനുഷ്യർ ചെയ്തിരുന്ന പല ജോലികളും യന്ത്രങ്ങൾ ഏറ്റെടുക്കുന്നത് വൻതോതിലുള്ള തൊഴിലില്ലായ്മക്ക് കാരണമായേക്കാം. വ്യക്തിഗത വിവരങ്ങൾ ചോരാനും, അവ ദുരുപയോഗം ചെയ്യപ്പെടാനുമുള്ള സാധ്യതകളും കൂടുതലാണ്. തീരുമാനങ്ങൾ എടുക്കാൻ യന്ത്രങ്ങളെ ഏൽപ്പിക്കുമ്പോൾ അവയ്ക്ക് മനുഷ്യത്വപരമായ മൂല്യങ്ങൾ ഉണ്ടാകില്ല എന്നത് വലിയൊരു പോരായ്മയാണ്. കൂടാതെ ഇതിലൂടെ പുതുതലമുറ ഡിജിറ്റൽ അടിമത്തത്തിന് ഇരയാകുന്നു. ലളിതമായ കാര്യങ്ങൾക്ക് പോലും അമിതമായി എ ഐ യെ ആശ്രയിക്കുന്നത് മനുഷ്യന്റെ ചിന്താശേഷിയെയും സർഗാത്മകതയെയും ദോഷകരമായി ബാധിക്കാം. ഇങ്ങനെയുള്ള ഗൗരവമായ ചില ഭീഷണികൾക്കൊപ്പം തന്നെ എ ഐ ഉയർത്തുന്ന സാധ്യതകളും ഏറെയാണ്.

2026 എത്തിനിൽക്കുമ്പോൾ എ ഐ ഉയർത്തുന്ന സാധ്യതകൾ കൂടുതൽ പ്രസക്തമായി മാറിയിരിക്കുന്നു. എ ഐ നൽകുന്ന അനന്തമായ സാധ്യതകൾ പല മേഖലകളിലും പുതുവിപ്ലവം സൃഷ്ടിക്കുന്നു. മനുഷ്യർ മണിക്കൂറുകളോ ദിവസങ്ങളോ എടുത്ത് ചെയ്യുന്ന ജോലികൾ സെക്കന്റുകൾക്കുള്ളിൽ പൂർത്തിയാക്കാൻ എ ഐ ക്ക് സാധിക്കുന്നു. ചില ജോലികൾ ഇല്ലാതാക്കുന്നുവെങ്കിലും ശാസ്ത്രവിരളടയാളം പതിപ്പിച്ചു കൊണ്ട് എല്ലാ മേഖലകളിലും ഇത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു. പരിസ്ഥിതി സംരക്ഷണം ഇല്ലാതായി പോകുന്ന ഇന്നത്തെ കാലത്ത് പ്രകൃതിയെ സംരക്ഷിക്കാനും എ ഐ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു.

ആർട്ടിഫിഷ്യൽ ഇൻന്റെലിജൻസ് എന്നത് മനുഷ്യന് പകരക്കാരൻ അല്ല മറിച്ച് മനുഷ്യബുദ്ധിയെ സഹായിക്കുന്ന ഒരു സഹായിയാണ്. സാങ്കേതികവിദ്യ ഒരു ആയുധം പോലെയാണ്. അത് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ ഫലം. എ ഐ മനുഷ്യന് ഏതു രൂപത്തിലും സഹായകമായി മാറുന്നു. വിവേകപൂർണമായ ഉപയോഗത്തിലൂടെയും കൃത്യമായ നിയമങ്ങളിലൂടെയും എ ഐ യെ നിയന്ത്രിച്ചാൽ ലോകത്തിന് വലിയ പുരോഗതി കൈവരിക്കാൻ സാധിക്കും. യന്ത്രങ്ങളുടെ ബുദ്ധിയും, മനുഷ്യന്റെ ഹൃദയവും ഒന്നിച്ചു ചേർന്ന സുന്ദരമായ ഒരു നാളെക്കായി നമുക്ക് സ്വപ്നം കാണാം.

# Beyond the writing on the wall

**Appreciation of Harry Potter and the chamber of secrets**

Harry Potter and the chamber of secrets is the second part of Harry Potter series by JK Rowling who has left her mark on world literature by her unforgettable works based on the Hogwarts school of Witchcraft and Wizardy.The book has sold 120 million copies worldwide.It is in 18 chapters.

This story is based on the chamber of secrets which is a fictional account of Potter's experiences during his second year at Hogwarts.A message appeared on the walls of the school hallways threatened that anyone from a non magical (Muggle) would be killed by a Slytherin.Then such people were attacked.Harry Potter and his friends Ron Weasley and Hermione Granger embark on an investigation to find the truth.They finally found a diary of Tom Riddle who was a student at Hogwarts.Harry discovers the secrets within it.By the end of the story Harry kills Tom Riddle and later discovers that, Riddle is Lord Voldemort who is trying to become all powerful.

The author has tried to mark the story as a reality in the minds of the readers through the 'magical'power of writing.Harry Potter is a precious work that has placed at the top of world literature.




**SREENANDHA M**
**8F**

# SUNITA WILLIAMS

## The Record Breaking Astronaut




### LIFE OF SUNITA WILLIAMS

Sunita Williams (born September 19, 1965) is a renowned American astronaut and former US Navy captain of Indian-Slovenian descent, holding records for women with over 62 hours of spacewalking. Selected by NASA in 1998, she completed multiple long-duration missions to the International Space Station (ISS), including as commander, accumulating over 600 days in space. First person to run a marathon in space (2007) and first to complete a triathlon in orbit (2012).Her father, Deepak Pandya, was an Indian American neuroanatomist from Mehsana district, Gujarat

### THE STAR OF SPACE

Born in Euclid, Ohio, and raised in Needham, Massachusetts. She earned a Bachelor of Science from the U.S. Naval Academy (1987) and a Master's from the Florida Institute of Technology (1995).Held records for the most spacewalk time by a woman (62 hours, 6 minutes) and most consecutive days in space for a woman (195 days).Commissioned in 1987, she became a helicopter pilot, logging over 3,000 flight hours in 30+ aircraft before retiring from US.NAVY in 2017.






Aarush P (9D)

# കവിത

## കൺകെട്ട്

കണ്ണുകളെ ഇനി നിങ്ങൾ തുറക്കരുത്
ഇമകൾ എന്നേക്കുമായി അടച്ചു
കൊള്ളൂ
ഇനിയും നിങ്ങളെ ഞാൻ വിശ്വസി-
ക്കണോ
നിങ്ങൾക്കും ബാധിച്ചുവോ തിമിരം
നിങ്ങൾ തന്ന ബിംബങ്ങൾ ഒക്കെയും
മിഥ്യയോ
നിങ്ങൾ കാണിച്ചു തന്ന കാഴ്ചയൊ-
ക്കെയും മിഥ്യയാണെന്ന് മൊഴിഞ്ഞു
ചിലർ
ആ കാഴ്ചകളൊന്നും സത്യമല്ല പോലും
മറ്റുള്ളോരൊന്നും ആ കാഴ്ചകൾ
കണ്ടില്ല പോലും
ആരാണെന്ന ചതിക്കുന്നത്
നിങ്ങളോ മറ്റുള്ളോരുടെ നാക്കുകളോ
നിന്നെ വിശ്വസിച്ച് ചലിച്ച എൻ നാവു-
ണ്ടാക്കി പല അനിഷ്ടങ്ങളും
ഒരു കാലത്ത് നല്ലതും ചീത്തയും
കൃത്യമായി കാണിച്ച് തന്നതല്ലേ നിങ്ങൾ
ഇന്നിതെന്ത് പറ്റി രണ്ടുപേർക്കും
എനിക്കിഷ്ടപ്പെടാത്ത കാഴ്ചകൾ
എന്തിന് നിങ്ങൾ കാണിച്ചു തരുന്നു
ഇനി നിങ്ങൾ തുറക്കാൻ മുതിരേണ്ട
കെട്ടതോ നല്ലതോ എന്തുമാകട്ടെ
ആ കാഴ്ചകളൊന്നും എനിക്ക്
കാണിക്കേണ്ട



## ആധുനിക ഫാമിലി

കൂടുമ്പോൾ ഇമ്പമാകേണ്ടുന്നൊ-
രിടമിന്ന് ഏകാന്തതയിലമരുന്നു
ചിരിതമാശകൾ ആരവങ്ങളെതുമില്ല
എവിടെയും അശരീരികൾ മാത്രമായി.
അടുക്കള പുകയുന്നു നിലവിളക്കത്
തെളിയുന്നു. മിക്സിയും അലക്ക് -
മെഷീനും ഞരങ്ങുന്നു ഇടവേളകളിൽ
ഹാളിലെ ഇരിപ്പ് പാത്രങ്ങൾ തിരയുന്നു
മുൻപ് അവർ താങ്ങിയോരെ ഒക്കെയും
തീൻ മേശയും നാലുകാൽ ഉരുപ്പടിയും
ചിതലരിക്കുന്നു.
ഓർത്തുപോകുന്നു ഞാൻ പഴയ
ഭൂതകാല തീൻ മേശ ചർച്ചതമാശകൾ .
കൂട്ടമായിരുന്നു പങ്കിട്ട് കഴിച്ചവരിന്നൊ
പലസമയങ്ങളിൽ പലവഴി വന്നിരുന്ന്
നിശബ്ദമായി തിടുക്കത്തിൽ വാരി-
ത്തിന്നോടി നാലുപുറവുകൾക്കുള്ളി-
ലൊരു സാമ്രാജ്യം പടുത്തുയർത്തുന്നു
ദൃഷ്ടികൾ നേർരേഖയിൽ ആയാലും
ശിരസ്സ് വെട്ടിച്ച് ഭൂമിക്ക് ദൃഷ്ടിയയ
ക്കുന്നു
ചിരികളികളൊന്നൊക്കെയും നിലച്ചിത-
ല്ലോയെന്നോർത്ത് ഇടനെഞ്ച് പൊട്ടി-
ആർത്തലയ്ക്കുമ്പോഴും ബധിരമാകർ_
ണ്ണങ്ങൾ എന്നിട്ടും അടഞ്ഞു തന്നെ



## മാറ്റം

അഴകേറും വർണ്ണക്കുടകൾ ചൂടി
നടന്നു ഞാൻ അഹന്തയിൽ
മേടമാസ സൂര്യൻ വർണ്ണങ്ങൾക്കി
ടയിലൂടെ കടന്നുവന്നെൻ
മേനി നിറങ്ങളിൽ മുക്കി എന്നെ
ആലസ്യത്തിലാഴ്ത്തിയപ്പോൾ
വെറുത്തു ഞാൻ ഇതുവരെ ചൂടിയ
കറുത്ത ശീലക്കുട തന്ന ഇരുളിനെ
കറുത്ത ശീലക്കുട ചിതലരിച്ചു
കുടയല്ലികൾ തുരുമ്പ് കാർന്ന് തിന്നു
അവജ്ഞ തോന്നി ആ ശീലക്കുടയിൽ
അന്നറിഞ്ഞില്ല വർണ്ണക്കുടകൾ തൻ
നിറങ്ങൾ ഇളകുമെന്നോ അല്ലികൾ
ദ്രവിച്ചിളകുമെന്നോ , എന്നാൽ
ഇന്നിതാ കുടതൻ നിറങ്ങളിളകി
ഒലിച്ചിറങ്ങിയാ നിറങ്ങളാലെൻ
മുഖത്ത് കോമാളി തൻ നിറങ്ങൾ തന്നു
നിറം മങ്ങിയ അല്ലി ദ്രവിച്ചോരാ
കുടക്കീഴിൽ കോമാളിയായി ചുവടുകൾ
വെച്ച് അന്യമാം വഴിയിൽ ചരിച്ചിടുന്നു





**SUNIL KUMAR V**
**F/o Anaidev(6E)**

# THE QUIET LIGHT

In a world that rushes,loud and bright,
Where screens outshine the morning light,
There lives a glow, so soft,so true
A quiet light inside of you.

It doesn't shout,it doesn't race,
It shines within your silent space,
In gentle acts,in word you say,
In kindness shared along the way.

When shadows fall and doubts appear,
And every path feels unclear,
That little light begins to rise
A spark of hope and kind you can't disguise.


It grows each time you choose what's right,
It glows when you refuse to fight,
It strengthenes when you stand up tall,
Or lift someone who starts to fall.

Not all heroes wear a crown,
Some simply turn the darkness down,
With hearts that care and hands that give
That's how the brightest people live.

So in the world of noise and speed,
Be someone others truly need,
Not just a face within the crowd but a quiet light,strong and proud.



NIVETHIKA P V
8F



हमेशा हम

जब मैं तुम्हारे साथ होती हूँ,
तो अंधेरा भी मुझे नहीं डराता।
तुम हमेशा मेरे साथ रहे हो, जब
मैं अपने सबसे बुरे दौर में थी।
इसलिए मैं तुमसे वादा करती हूँ
कि मैं हमेशा तुम्हारे साथ रहूँगी।
जब भी तुम मुझसे मिलो, डरना मत,
मैं तुम्हारे साथ रहूँगी।
छोटे- छोटे झूठ और मीठी सी नोकझोंक
के साथ, हमारी दोस्ती हमेशा यूँ ही
बनी रहे।

- Sreelakshmi M V
( 8C)



# रात

शांतरात

शांत सी ये रात है,
तारों की बरसात है,
चाँद मुस्कुराता है,
मन को खुशी भराता है।
ठंडी – ठंडी हवा चली,
सपनों की दुनिया भरा ।
नींद की गोद में जाकर,
हर दिल आराम करे ।
दिन की सारी थकान को,
प्यार से ले मिटाता है।

# PASSING CLOUDS

The birds are soaring in the sky
We are very happy to see that
The sun is bright in the sky
The clouds are passing by
The children are playing on the ground
The fragrance of flowers fills the air
The birds are chirping cutely
The streams are dancing
The trees are full of fruits
The waterfalls are making rainbows
The ponds are full of ducks and lotuses
The green grasses are swaying gently
We are very happy to see it all...



**Jhansy Lakshmi SR (VI - D)**

# സാബുവിന്റെയും ഷിബുവിന്റെയും പ്രതീക്ഷ

സാബുവും ഷിബുവും സഹോദരമാരായിരുന്നു. സാബുവാണ് മൂത്തത്. ഒരു ദിവസം സാബു പുറത്തേക്ക് ഇറങ്ങിയപ്പോൾ അവന്റെ അടുക്കളയുടെ പുറത്ത് ഒരു പക്ഷി കൂട് കൂട്ടുന്നത് അവൻ കണ്ടു. അവൻ അത് ഷിബുവിന് കാണിച്ചുകൊടുത്തു. രണ്ടാളും അത് കണ്ട് അത്ഭുതപ്പെട്ടു. അവർ അത് അച്ഛനോടും അമ്മയോടും പറഞ്ഞു.

രാവിലെ സ്കൂളിൽ പോകുമ്പോൾ അവർ ആ പക്ഷിയെ ദിവസവും കാണും. അവരുടെ അമ്മ അതിന് ഭക്ഷണവും വെള്ളവും കൊടുക്കുമായിരുന്നു. സന്ധ്യയാകുമ്പോൾ അത് കൂട് കൂട്ടാൻ വരില്ല. അടുത്ത ദിവസം ഒരു പക്ഷി കൂടി അധികം വന്നു. കുറച്ചു ദിവസങ്ങൾക്ക് ശേഷം കൂട് വലുതായി. പിന്നെ പക്ഷികൾ അതിൽ താമസിക്കാൻ തുടങ്ങി. കുറച്ച് ദിവങ്ങൾക്ക് ശേഷം കൂട്ടിൽ മുട്ടയുണ്ടോയെന്ന് നോക്കാൻ സാബു അതിന്റെ അടുത്തേക്ക് പോയെങ്കിലും കൂട് ഉയരത്തിൽ ആയതുകൊണ്ട് അവന് അതിന്റെ ഉള്ളിലേക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല.അങ്ങനെ ദിവസങ്ങൾ കടന്നുപോയി.

ഒരു ദിവസം സാബുവും ഷിബുവും കളിക്കുകയായിരുന്നു. അവർ അടുക്കളയുടെ അടുത്തായിരുന്നു കളിച്ചുകൊണ്ടിരുന്നത്. പെട്ടെന്ന് അവർ ഒരു പക്ഷിക്കുഞ്ഞ് കരയുന്നത് കേട്ടു. കൂടിന്റെ അടുത്ത് നിന്ന് കേട്ടതുകൊണ്ട് അതിൽ കുഞ്ഞാണെന്ന് അവർ ഉറപ്പിച്ചു. അവർ അച്ഛനോടും അമ്മയോടും ഇത് പറഞ്ഞു. അവർക്കും വളരെ സന്തോഷമായി. കുറച്ചു ദിവസങ്ങൾക്ക് ശേഷം അവർ പക്ഷിക്കുഞ്ഞിന് അമ്മ പക്ഷി തീറ്റ കൊടുക്കുന്നതും കണ്ടു.അവർ പിന്നെ പക്ഷിക്കുഞ്ഞിനെ  തന്നെ ശ്രദ്ധിക്കാൻ തുടങ്ങി.അങ്ങനെ കൂറേ ദിവസങ്ങൾ കടന്നു പോയി.

ഒരു ദിവസം സ്കൂൾ വിട്ട് വന്നിട്ട് അവർ കൂട് നോക്കിയപ്പോൾ അവർ കൂട്ടിൽ പക്ഷിയെ കണ്ടില്ല.കൂട് ഉയരത്തിൽ ആയതുകൊണ്ട് ഉള്ളിലേക്ക് ഒന്നും കാണാൻ കഴിയില്ലെങ്കിലും പുറത്ത് പക്ഷികൾ നിൽക്കുന്നത് കാണാമായിരുന്നു. അവർ പക്ഷി എവിടെയെന്ന് അമ്മയോട് ചോദിച്ചപ്പോൾ അത് പറന്നു പോയെന്ന് അവരുടെ അമ്മ പറഞ്ഞു. ഇത് കേട്ട അവർക്ക് വളരെ സങ്കടമുണ്ടായി. പക്ഷികൾ തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ അവർ സമാധാനിച്ചു.



**ANWANTH RAMESAN (9 F)**

# The Day Time Froze



**Abhinand R Krishna**
**(9F)**

"What's your life?" my wife asked me.
"It's us. The three of us: you, me, and our baby angel, Mia!"
"Well, if you lost us, what would you do?"
"I would come to you, no matter what! Even if you were in Heaven."

She giggled and came closer to me and kissed me. We both kissed our daughter and went to sleep. I didn't know it would be the last time we slept together, the last time we kissed, the last time we spoke, the last time we saw each other. I remember that moment on the back of my head. Every single word, every single second. I remember exactly. It will never be forgotten.It was my final moment with them.

I woke up to the sound of screams. I wondered what was going on. I felt water rising from my legs to my stomach. I couldn't see a thing. I called my wife several times but got no response. I started to worry. I slowly got up and picked up my flashlight. I switched it on...

I was frightened to death. My hands started shivering so much. I saw what would haunt me for the rest of my life. I saw my house completely destroyed.
It was a landslide. Water was flowing rapidly. I yelled for my wife and daughter, but still got no response. I yelled at the top of my lungs. I was dead inside. I started to cry. I cried so hard.
At that time, 'time froze for me'.

I only had one objective: to find my wife and daughter. I filled my mind with nothing but hope. I started praying to God: "God, please, Give my wife and daughter back. Just at least for a moment. Please God, make that happen."

"I screamed and screamed until I ran out of breath. I looked for them everywhere, in every single place; but I couldn't find them. I was dead , lost all hope. And was determined to kill myself and to see them in heaven.
I grabbed a knife which was down on the floor between the remains of my table. I put it close to my neck. Took one final breath and said " I love you. See you soon in Heaven. "
Just as I was about to do it ,I heard someone yelling my name. It was similar to my wife's voice.

I thought it was just my mind. But then, the voice got closer and closer. I realised it was my wife's voice. A mountain of hope flowed through me. I ran towards the voice as fast as I could.

I finally found her. There she was, with my daughter running towards me. We hugged as hard as we could and kissed each other and our daughter. We both cried like babies and promised we would never lose each other again.

# തിരികെ കിട്ടിയ വർണ്ണക്കാഴ്ച്ചകൾ

ആ വലിയ തറവാട് എപ്പോഴും സന്തോഷം നിറഞ്ഞതായിരുന്നു. അമ്മൂമ്മയും അപ്പൂപ്പനും അവരുടെ മക്കളും മരുമക്കളും പേരക്കുട്ടികളും ഉള്ള ഒരു വലിയ ലോകം. കുട്ടികൾ വീടിന്റെ ഉമ്മറത്തും മുറ്റത്തും ഓടിക്കളിച്ച് ചിരി പടർത്തുമ്പോൾ മാതാപിതാക്കൾക്ക് അത് വലിയ സന്തോഷമായിരുന്നു. പമ്പരം കറക്കിയും, മണ്ണപ്പം ചുട്ടും, മാഞ്ചോട്ടിൽ മാങ്ങ പെറുക്കിയും ഊഞ്ഞാലാടിയും ചിരിച്ചും കഴിഞ്ഞിരുന്ന ആ സുന്ദരമായ ബാല്യം.

പക്ഷേ, ആ സന്തോഷം സങ്കടത്തിലേക്ക് മാറിയത് കുട്ടികളുടെ കയ്യിൽ സ്മാർട്ട് ഫോണുകൾ എത്തിയതോടെയാണ്. അതോടെ വീടിന്റെ മുറ്റത്തെയും ഉമ്മറത്തെയും കളിചിരികൾ നിന്നു. വീടിനുള്ളിൽ ഇരുന്നിട്ടും അവർ പരസ്പരം അകന്നുപോകുന്നത് പോലെയായി. ഊണിലും ഉറക്കത്തിലും അവർക്ക് മൊബൈൽ ഫോണിലെ സ്ക്രീനിലെ നീല വെളിച്ചം മാത്രമായി. "ഫോൺ താഴെ വയ്ക്കൂ" എന്ന മാതാപിതാക്കളുടെ വാക്കുകൾ അവർ കേട്ട ഭാവം നടിച്ചില്ല. രാവും പകലും ഗെയിമുകളിലും വീഡിയോകളിലും റീൽസുകളിലും അവർ അടിമകളായി മാറി. ആർക്കും ഓർക്കാൻ കഴിയാത്ത ആ സംഭവം നടന്നത് ഒരു പ്രഭാതത്തിലായിരുന്നു. കണ്ണുകൾക്ക് കഠിനമായ വേദന അനുഭവപ്പെട്ട ആ കുട്ടികൾക്ക് പെട്ടെന്ന് കാഴ്ച പൂർണ്ണമായും നഷ്ടപ്പെട്ടു. ദശലക്ഷക്കണക്കിന് രൂപ ഹോസ്പിറ്റലിൽ ചിലവാക്കിയിട്ടും വലിയ ഡോക്ടർമാരെ കണ്ടിട്ടും യാതൊരു മാറ്റവും ഉണ്ടായില്ല. ആ കുടുംബത്തിന്റെ സന്തോഷം കണ്ണീരിന് വഴിമാറി.

ഒടുവിൽ ദുഃഖിതരായ മാതാപിതാക്കൾ ദൈവത്തോട് പ്രാർത്ഥിച്ചു. അവരുടെ കരച്ചിൽ കേട്ട് മറുപടിയായി ദൈവം അവരുടെ മുന്നിൽ ഒരു സാധാരണക്കാരനായി പ്രത്യക്ഷപ്പെട്ടു. ദൈവം ആ കുട്ടികളോട് ചോദിച്ചു: "നിങ്ങളുടെ സ്നേഹത്തേക്കാൾ നിങ്ങൾ വില നൽകിയത് ആ സ്മാർട്ട് ഫോണുകൾക്കല്ലേ?"
ആ ചോദ്യത്തിന് മുന്നിൽ കുട്ടികൾ പൊട്ടിക്കരഞ്ഞു. "ഇനിയൊരിക്കലും ഞങ്ങൾ ആ ചതിക്കുഴിയിൽ വീഴില്ല, ഞങ്ങൾക്ക് ഞങ്ങളുടെ ലോകം തിരികെ വേണം" എന്ന് അവർ പറഞ്ഞു. കുട്ടികളുടെ വാക്കുകൾ സത്യസന്ധമാണെന്ന് കണ്ട ദൈവം ആ കുഞ്ഞുങ്ങളുടെ കണ്ണുകളിലേക്ക് വെളിച്ചം തിരികെ നൽകി. കണ്ണ് തുറന്നപ്പോൾ അവർ ആദ്യം കണ്ടത് കെട്ടിപ്പിടിച്ച് കരയുന്ന മാതാപിതാക്കളെയും അവർ മാങ്ങ പെറുക്കി നടന്ന ആ മാഞ്ചോട്ടുമാണ്.


ദൈവത്തോട് അവരെല്ലാവരും നന്ദി പറഞ്ഞു. ഈ കഥ നമുക്ക് ഒരു പാഠം നൽകുന്നുണ്ട്. സ്മാർട്ട് ഫോണുകൾ ഒരു ഉപകരണം മാത്രമാണ്, അത് നമ്മുടെ ജീവിതമാകരുത്. സ്ക്രീനിലെ വെളിച്ചത്തേക്കാൾ നമ്മുടെ ചുറ്റുമുള്ള മനുഷ്യബന്ധങ്ങളും പ്രകൃതിയുമാണ് നല്ലതെന്ന് ഈ കഥ പഠിപ്പിക്കുന്നു.



SAPTHA PRAMOD, 5C

# Art Zone


# DIGITAL CANVAS








MUNAVVARA S A
D/o BAZIMA A N
(HST English)







Fahmidha Ebrahim (8 E)











**SAYOOJ P M**
**(8F)**









RISHAB
(5C)




















**ADITHYAN K**
**(5C)**





**SHAGIL GIRISH**
**(7C)**

# BEYOND THE CLASSROOM



JUNIOR RED CROSS (JRC)



LITTLE KITES 2025 BATCH



LITTLE KITES 2024 BATCH



SCHOOL POLICE CADETS (SPC)



SCOUT AND GUIDES



SCHOOL SOCIAL SERVICE SCHEME



ECHO CLUB

# MEMORIES THAT STAY


















# TEAM VELLUR





പയ്യന്നൂർ നഗരസഭ
ഗവ. ഹയർ സെക്കന്ററി
സ്കൂൾ വെള്ളൂർ
PO. വെള്ളൂർ പയ്യന്നൂർ കണ്ണൂർ ജില്ല 670307
ഫോൺ 04985 266625, 9495619581, 9497601369
2026-27 വർഷത്തെ 5 മുതൽ 10 വരെ
ക്ലാസുകളിലേക്കുള്ള
മലയാളം/ഇംഗ്ലീഷ് മീഡിയം
അഡ്മിഷൻ
രജിസ്ട്രേഷൻ
ആരംഭിച്ചിരിക്കുന്നു.
സ്റ്റുഡന്റ് പോലീസ് കേഡറ്റ്
എൻ.എസ്.എസ്
സ്കൗട്ട് ആൻഡ് ഗൈഡ്
ക്രിയേറ്റിവ് കോർണർ
ജൂനിയർ റെഡ് ക്രോസ്
മോഡൽ ഇൻക്ലൂസിവ് പ്രോഗ്രാം
സ്കൂൾ സോഷ്യൽ സർവ്വീസ് സ്കീം
ഗൈഡൻസ് ആൻഡ് കൗൺസലിംഗ്
ലിറ്റിൽ കൈറ്റ്സ്, ഹരിത പോലീസ് സേന
ADOLESCENCE SPECIAL AWARENESS PROGRAMME